എം.ടി.എൽ.പി.എസ്
പുല്ലുകുത്തി

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# സ്കൂൾ തല

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# ഉള്ളടക്കം


* ആമുഖം
* അടിസ്ഥാന വിവരങ്ങൾ
* പൊതുലക്ഷ്യങ്ങൾ
* ചരിത്രം
* അക്കാദമിക കാഴ്ചപ്പാട്
* സ്കൂൾ വിളംബരം ചെയ്യുന്ന നന്മകൾ
* Talent Lab
* ജൈവവൈവിധ്യ പാർക്ക്
* അക്കാദമിക പഠനപ്രവർത്തനങ്ങൾ
* തനത് പ്രവർത്തനം
* ഉപസംഹാരം

# ആമുഖം

പത്തനംതിട്ട ജില്ലയിൽ ഉൾപ്പെട്ട ആനിക്കാട് ഗ്രാമപഞ്ചായത്തിലെ പുല്ലുകുത്തി പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു സ്കൂളാണിത്. സാമൂഹ്യ വ്യവസ്ഥയിൽ ഏറെ പിന്നോക്കം നിന്നിരുന്ന ഒരു ജനസമൂഹത്തെ ജീവിതത്തിന്റെ ഔന്നത്യത്തിലേക്ക് കൈപിടിച്ചുയർത്താൻ ഈ വിദ്യാലയം മുഖാന്തിരമായിത്തീർന്നിട്ടുണ്ട്. ഈ പ്രദേശത്തെയും സമീപപ്രദേശങ്ങളായ മുരണി, നൂറോമ്മാവ്, വായ്പ്പൂര്, തേലമ്മൂട്ടിൽപടി തുടങ്ങിയ സ്ഥലങ്ങളിലെയും ആയിരക്കണക്കിനുവരുന്ന ജനങ്ങൾ ആശ്രയിച്ചിരുന്ന വിദ്യാലയമായിരുന്നു ഇത്. ഇവിടെ വിദ്യ നേടിയവരിൽ പലരും ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉന്നതസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നു. കാലത്തിനനുസരിച്ച് വിദ്യാഭ്യാസ മേഖലയിലുണ്ടായ പുരോഗതിയുടെ ഫലമായി നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇതിന്റെ സമീപ പ്രദേശങ്ങളിൽ സ്ഥാപിതമായെങ്കിലും ഇന്നും ഈ വിദ്യാലയം അതിന്റെ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നു.

ദീനക്ഷേമവും ഉയർന്ന ശേഷികളും അവരുടേതായ നിലകളിൽ തിളക്കങ്ങൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. കുട്ടിയെ പുത്തൻ ചിന്തകളിലേക്ക് സർഗാത്മകതയുടെ പുതിയ മാനങ്ങളിലേക് എത്തിക്കേണ്ടത് ആവശ്യം തന്നെയാണ്. അക്ഷരം അറിയുന്നവരുടെ, വായനയുടെ

വസന്തം നുകരുന്നവരുടെ, വിവിധ ഭാഷകളിൽ നിപുണരായവരുടെ ഗണിതത്തിന്റെ സൂക്ഷ്മതല അപഗ്രഥനത്തിലൂടെ നേടിയ വിദ്യാർത്ഥി സമൂഹം നാളെയുടെ സുവർണ്ണ നാമ്പുകളാണ്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എം. റ്റി. എൽ. പി. എസ് പുല്ലുകുത്തി. |
| വിലാസം | : പുല്ലുകുത്തി. എം. റ്റി. എൽ. പി. എസ് നൂറോമ്മാവ്. പി. ഒ. ആനിക്കാട്. |
| സ്കൂൾ കോഡ് | : 37525 |
| വിദ്യാഭ്യാസ ഉപജില്ല | : മല്ലപ്പള്ളി |
| വിദ്യാഭ്യാസ ജില്ല | : തിരുവല്ല. |
| റവന്യൂ ജില്ല | : പത്തനംതിട്ട |
| ബി. ആർ. സി | : മല്ലപ്പള്ളി |
| സി. ആർ. സി | : ആനിക്കാട് |
| ഗ്രാമപഞ്ചായത്ത് | : ആനിക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് | : മല്ലപ്പള്ളി |
| ജില്ലാ പഞ്ചായത്ത് | : പത്തനംതിട്ട |
| നിയമസഭാ മണ്ഡലം | : തിരുവല്ല. |
| ലോകസഭ മണ്ഡലം | : പത്തനംതിട്ട |
| താലൂക്ക് | : മല്ലപ്പള്ളി |
| വില്ലേജ് | : ആനിക്കാട്. |
| ഇ. മെയിൽ | : mtlps 37525@gmail.com. |

# പൊതുലക്ഷ്യങ്ങൾ

* മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സർവ്വജന വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

* എൽ.കെ.ജി മുതൽ 4-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കു അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.

* അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

# ചരിത്രം

മല്ലപ്പള്ളി താലൂക്കിൽ ആനിക്കാട് വില്ലേജിൽ മണിമലയാറിന്റെ സമീപം പുല്ലുകുത്തി എം. റ്റി. എൽ. പി. സ്കൂൾ സ്ഥിതി ചെയ്യുന്നു. വാലുമണ്ണിൽ ശ്രീ വർഗീസിന്റെ സ്ഥലത്ത് ഒരു ചെറിയ കെട്ടിടം വച്ച് സി. എം. എസ്സ്കാർ 1912 വരെ രണ്ടു ക്ലാസുകളുള്ള ഒരു സ്കൂൾ കെട്ടിടം നടത്തി വന്നിരുന്നു. തുടർന്ന് ആ കെട്ടിടം ആനിക്കാട് ആരോഹണ ഇടവകയുടെ പ്രാർത്ഥനാലയമായും കുട്ടികളെ പഠിപ്പിക്കുന്ന കളരിയായും ഉപയോഗിച്ചുവന്നു. 1914 സ്കൂൾ നടത്തുന്നതിനുള്ള അപേക്ഷ സർക്കാർ സ്വീകരിക്കുകയുണ്ടായി.

സ്ഥലത്തുള്ളവരുടെ ഉത്സാഹമായി വാലുമണ്ണിൽ ശ്രീ വർഗീസ് കെട്ടിടം സ്ഥിതിചെയ്യുന്ന ഭാഗം 12 സെന്റ് സ്ഥലം ആനിക്കാട് ആരോഹണ ഇടവകയ്ക്ക് ദാനമായി എഴുതിക്കൊടുത്തു. നമ്മുടെ സഭയിൽ നിന്നും സ്കൂളിന് അനുവാദം വാങ്ങി നടത്തി വരുന്നു.

1960-ൽ കെട്ടിടം പുതുക്കി പണിതു. 1994 മുതൽ ഉള്ള പ്രധാനാധ്യാപകരുടെ സേവനത്താൽ ഈ വിദ്യാലയം മുന്നേറുന്നു. 2022 മുതൽ ശ്രീ കുര്യൻ ഉമ്മൻ പ്രധാനാധ്യാപകനായി സേവനം അനുഷ്ഠിച്ചു വരുന്നു. ഇപ്പോൾ ഈ വിദ്യാലയത്തിൽ 25 കുട്ടികളോളം പഠിച്ചുവരുന്നു.

1995 മെയ് മാസത്തിൽ 30 പേരട-
ങ്ങുന്ന ഒരു വികസന സമിതി രൂപീകരിക്കുകയും
സ്കൂളിലെ വികസനപരമായ പല പ്രവർത്തനങ്ങളു
നടപ്പിലാക്കുകയും ചെയ്തു. സ്കൂളിന് ചുറ്റുമതിൽ
സ്കൂളിനോട് ചേർന്ന് ടോയ്ലറ്റ്, ഡസ്ക്, എല്ലാ
ക്ലാസ് മുറികളിലും ഫാൻ, കെട്ടിടം, പെയിന്റിംഗ്,
എന്നീ കാര്യങ്ങൾ ചെയ്യാൻ സാധിച്ചു. സജീവ-
മായി പ്രവർത്തിക്കുന്ന എൽ.ഐ.സിയും
പി.റ്റി.എയുമാണ് ഈ സ്കൂളിനുള്ളത്.
സ്കൂളിന്റെ വികസനപരമായ എല്ലാ പ്രവർ-
ത്തനങ്ങൾക്കും ഇടവകയുടെയും എൽ.ഐ.സി
അംഗങ്ങളുടെയും സജീവ പിന്തുണയാണുള്ളത്

# അക്കാദമിക കാഴ്ചപ്പാട്

കേരളത്തിന്റെ സാംസ്കാരിക പൈതൃകം കാത്തു സൂക്ഷിക്കാനും ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹത്തിനെ സൃഷ്ടിക്കാൻ ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവം ഒരുക്കുന്നതിന് വേണ്ടി കൂട്ടായി പ്രവർത്തിക്കുക എന്ന കാഴ്ചപ്പാടിൽ നിന്ന് കൊണ്ടാണ് വിദ്യാലയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

കുട്ടിയുടെ കഴിവ് വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചുവോ എന്ന് ഉറപ്പ് വരുത്തുക എന്ന കാഴ്ചപ്പാടിലൂടെ വിദ്യാലയ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകേണ്ടതാണ്.

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറണമെങ്കിൽ സ്കൂളിന് തനതായ ഭൗതിക സാഹചര്യങ്ങൾ ആവശ്യമാണ്. ക്ലാസ്സ് റൂം, കമ്പ്യൂട്ടർ ലാബ്, വിപുലമായ ലൈബ്രറി, വിനോദോപാധികൾ, കലാപരിപോഷണത്തിനുതകുന്ന പദ്ധതികൾ, ഹെൽത്ത് ക്ലബ് മുതലായവ ഇവയിൽ ഉൾപ്പെടുന്നു.

പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യധാരയിൽ എത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേയ്ക്ക് എത്തിച്ചേരുകയും ചെയ്യും. പഞ്ചായത്ത് തലത്തിൽ ഇത്തരം കുട്ടികളുടെ പഠനവികാസവും മോണിറ്റർ ചെയ്യേണ്ടതും,

കുടുംബപരവും സാമൂഹികവുമായ കാരണങ്ങൾ കണ്ടെത്തു-
ന്നതിന് PTA /SMC കളെ ചുമതലപ്പെടുത്തേണ്ടതുമാണ്.

ഇന്നത്തെ സംവിധാനങ്ങളുടെ പ്രയോജനങ്ങൾ ഉൾപ്പെടും ഓൺലൈനധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സാഹചര്യം നടപ്പിൽ വരുത്തുന്നതിലൂടെ മൗലികാവകാശം ലഭിക്കുന്ന പ്രായത്തിൽ ഓൺലൈൻ ചെയ്യാനുള്ള കഴിവ് നേടും. സ്കൂളുകളിൽ കൗൺസലിംഗ് സൗകര്യം ലഭ്യമാക്കുന്നതിലൂടെ കുട്ടികൾക്ക് അവരുടെ മാനസിക സംഘർഷം ഒഴിവാക്കുന്നതിനുള്ള സാഹചര്യം ലഭിക്കും.

# സ്കൂൾ വിഭാവനം ചെയ്യുന്ന നന്മകൾ

* ആവശ്യത്തിന് ടോയ്‌ലറ്റ് സൗകര്യങ്ങൾ
* പൊതുവിജ്ഞാനം മെച്ചപ്പെടുത്താൻ ക്വിസ് പരമ്പര
* വാഹന സൗകര്യം
* 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി.
* 500 ലധികം പുസ്തകങ്ങളുള്ള ലൈബ്രറി.
* പഠനം ആസ്വാദ്യകരമാക്കുന്നതിന് ലാപ്ടോപ്പ് എൽ.സി.ഡി പ്രൊജക്ടർ, ഇന്റർനെറ്റ്, സേവനം
* കലാകായിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ വിവിധ പ്രവർത്തനങ്ങൾ.
* ആധുനിക സൗകര്യങ്ങളുള്ള അടുക്കള
* ആവശ്യത്തിന് ക്ലാസ്സ് മുറികൾ
* എല്ലാ ക്ലാസിലും വേസ്റ്റ് ബിൻ ക്രമീകരിച്ചിരിക്കുന്നു.

# പ്രോജക്ടുകൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| * ഭാഷാശേഷി വികസനം<br>* ഗണിതശേഷി വികസനം<br>* ഇംഗ്ലീഷ് പഠന പരിപോഷണം<br>* ജൈവവൈവിധ്യ ഉദ്യാനം<br>* ക്ലാസ്സ് പി.ടി.എ ശാക്തീകരണം<br>* പ്രവൃത്തിപരിചയ പഠനം<br>* പച്ചക്കറിത്തോട്ടം<br>* അറിവുവങ്ങൾ<br>* പോഷകാഹാര പരിപാടി.<br>* ദിനാചരണം<br>* കായിക പഠനം | * ഡൈനിംഗ് ഹാൾ<br>* ക്ലാസ്സ് മുറികൾ<br>* മാലിന്യസംസ്കരണം<br>* എന്റെ കൃഷി വീട്ടിലും സ്കൂളിലും<br>* പ്ലാസ്റ്റിക് രഹിത ക്യാമ്പസ്<br>* | * പി.ടി.എ. ശാക്തീകരണം<br>* പി.ടി.എ. എം.പി.ടി.എ.<br>* വിദ്യാലയ വികസന സമിതി<br>* പൂർവ്വ വിദ്യാർത്ഥി സംഘടന<br>* ഗ്രന്ഥശാലകൾ,<br>* ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ<br>* സഹകരണസ്ഥാപനങ്ങൾ<br>* പൂർവ്വ അധ്യാപകർ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |

# Talent Lab.

* ചിത്രരചന
* കഥ പറയൽ
* അഭിനയം
* പ്രസംഗം
* സംഗീതം
* ആലാപനം
* നിർമ്മാണം
* ശാസ്ത്ര പരീക്ഷണം
* കായികം
* കൃഷി
* പൂന്തോട്ട നിർമ്മാണം
* സർഗാത്മക രചനകൾ
* സന്നദ്ധപ്രവർത്തനം
* ഔഷധത്തോട്ട നിർമ്മാണം

വിഷയം : ജൈവ വൈവിധ്യ പാർക്ക്.

പ്രവർത്തനം : നിർമ്മാണം.

അവസ്ഥാ വിശകലനം : പ്രകൃതിയെയും ജീവജാലങ്ങളെയും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അറിവില്ലായ്മ

പ്രതീക്ഷിത നേട്ടങ്ങൾ : പ്രകൃതിയെക്കുറിച്ചുള്ള ശരിയായ അവബോധം കുട്ടികൾക്ക് ഉണ്ടാകുന്നു.

* ഔഷധ സസ്യങ്ങളുടെ പ്രാധാന്യം ഉപയോഗവും മനസ്സിലാക്കൽ

* വിവിധയിനം ചിത്രശലഭങ്ങളെ പരിചയപ്പെടൽ.

| Sl No. | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | മാസം | Week 1 | Week 2 | Week 3 | Week 4 |
|---|---|---|---|---|---|---|---|
| 1. | ജൈവവൈവിധ്യ പാർക്ക് | വിവിധയിനം നാടൻ ഔഷധ സസ്യങ്ങളുടെ നടീലും പരിപാലനവും | ഒക്ടോബർ | | | | |
| 2. | ഞാനാര്? എന്നെ അറിയാമോ | നട്ടുപിടിപ്പിച്ച ഔഷധ സസ്യങ്ങളുടെ batanical name, ഔഷധഗുണം, ഉപയോഗം എന്നിവ എഴുതിയ board ഓരോ സസ്യത്തിന്റെ ചുവട്ടിലും സ്ഥാപിക്കുന്നു. | നവംബർ ഡിസംബർ | | | | |
| 3. | കണ്ടും കേട്ടും | കൂടുതൽ ഔഷധ സസ്യങ്ങൾ കണ്ടറിയാനും, കേട്ടറിയാനുമുള്ള അവസരം ലഭിക്കുക. | ജനുവരി | | | | |
| | * സെമിനാർ ബുക്ക് | സസ്യങ്ങളിലെ ഔഷധ ഗുണം, ഉപയോഗം എന്നിവ മനസിലാക്കൽ. | | | | | |
| | * ICT സാധ്യത | * Slide show - വിവിധ ഔഷധ സസ്യങ്ങളുടെ പ്രദർശനം. | | | | | |

വിഷയം : മലയാളം

ലക്ഷ്യങ്ങൾ

* ആസ്വാദ്യപൂർണ്ണമായ വായനാനുഭവങ്ങൾ ഉറപ്പാക്കൽ
* വായിച്ച രചനകളെക്കുറിച്ച് പറയാനും എഴുതാനുമുള്ള അവസരം ഒരുക്കൽ
* സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവ് വികസിപ്പിക്കൽ
* വായനാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരം നൽകൽ
* എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ
*

| Sl No | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മധുരം മലയാളം) | 1. അക്ഷരം ഉറപ്പിക്കൽ<br>2. അക്ഷരം ആൽബം<br>3. അക്ഷരക്കാർഡ് നൽകൽ<br>4. വാക്കുകൾ എഴുതിയ കാർഡ്<br>5. വാക്കുകൾ നിർമ്മിക്കുക<br>6. വാക്യങ്ങൾ നിർമ്മിക്കുക<br>7. ചിത്രം - കഥ പറയൽ<br>8. ചിത്രം - കഥ എഴുതൽ<br>9. ചിത്രം - അടിക്കുറിപ്പ്.<br>10. ക്ലാസ്സ് ലൈബ്രറി രൂപപ്പെടുത്തൽ<br>11. അമ്മമാരുടെ വായന, രചന ശില്പശാല, പ്രദർശനം.<br>12. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്. | 3 മാസം<br>ജൂൺ - ആഗസ്റ്റ്. | ക്ലാസ്സ് ലൈബ്രറി<br>* പുസ്തകങ്ങൾ | BRC<br>SCERT<br>PTA<br><br>BRC<br>IED Trainer<br>P.T.A |

| Sl NO | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടിയെ വികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | 6 മാസം June – November | ക്ലാസ് ലൈബ്രറി | BRC |
| | | 2. സ്കൂൾ ലൈബ്രറി നവീകരിക്കൽ | | * സ്കൂൾ ലൈബ്രറി | SCERT |
| | | 3. വായന മൂല | | | |
| | | 4. സമീപ ഗ്രന്ഥശാല അംഗത്വം | | * ഗ്രന്ഥശാല | ഗ്രന്ഥശാല |
| | | 5. വായനോത്സവം സംഘടിപ്പിക്കൽ | | പത്രങ്ങൾ | P.T.A |
| | | 6. പത്രവായന. | | | |
| | | 7 വായനാനുഭവം പങ്കുവയ്ക്കൽ | | | |
| | | 8. ദിനാചരണങ്ങൾ. | | | |
| | | 9. ആസ്വാദകരമായ വായന. | | വായനാമുറി | |
| | | 10. വായന സാമഗ്രികൾ വികസിപ്പിക്കൽ | | | BRC. |
| | | 11. E- വായന. | | ഇന്റർനെറ്റ് കമ്പ്യൂട്ടർ. | |

| Sl No | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം). | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. ക്ലാസ് ലൈബ്രറി<br>3. വായനക്കുറിപ്പ് (പതിപ്പ്)<br>4. ആസ്വാദനക്കുറിപ്പ്<br>5. ബാലസഭ<br>6. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>7. വ്യക്തിഗത രചന<br>8. സംഘരചന. | 6 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ | BRC<br>SCERT<br>Teachers.<br>P.T.A |

വിഷയം : ഇംഗ്ലീഷ്.

ലക്ഷ്യങ്ങൾ :

* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം.
* ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം
* വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ
* വായന പരിപോഷിപ്പിക്കൽ

വിഷയം : ഇംഗ്ലീഷ്.

ലക്ഷ്യങ്ങൾ:

* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം.
* ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം
* വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ
* വായന പരിപോഷിപ്പിക്കൽ

| | | | | |
|---|---|---|---|---|
| 1. | ഇംഗ്ലീഷിൽ അസംബ്ലി ഇംഗ്ലീഷ് ക്ലബ് നേതൃത്വം ചെയ്യൽ | ഉച്ചക്ക് ക്ലാസ്സിലും | ബന്ധപ്പെട്ട ടീച്ചർ | |
| 2. | ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി. ഓരോ മാസവും ക്ലാസ്സിന്റെയും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| 3. | റോൾ - പ്ലേ കഥ, കവിത അവതരണം | ഒരു വർഷം | ക്ലാസ് ടീച്ചർ | |
| 4 | ഇംഗ്ലീഷ് news reading | ആഴ്ചയിൽ ഒരു ദിവസം | Teacher | |
| 5. | സ്കൂൾ അധിക സമയം കണ്ടെത്തി വ്യാകരണത്തിന് പ്രാധാന്യം നൽകൽ. (9Am — 9.30Am). (1pm — 1.30pm) | ആഴ്ചയിൽ<br>ആഴ്ചയിൽ 2 ദിവസം | | |
| 6. | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകം ഉൾപ്പെടെ ഉൾക്കൊള്ളിക്കൽ. | ആഴ്ചയിൽ ഒരു ദിവസം | | |

വിഷയം : പരിസരപഠനം.

ലക്ഷ്യങ്ങൾ

* കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ
* പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം.
* ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ
* ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.
* സ്കൂൾ മുറ്റത്ത് ഔഷധത്തോട്ടം വിപുലപ്പെടുത്തുക
*

| S/No | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി… |
| --- | --- | --- | --- | --- |
| 1. | ലളിതമായ പരീക്ഷണങ്ങൾ | ജൂലൈ - ഫെബ്രുവരി | ക്ലാസ് അധ്യാപിക | |
| 2. | പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം. അധ്യാപകർ - കുട്ടി. | ആഴ്ചയിൽ 2 ദിവസം | SRG ക്ലാസ് അധ്യാപിക | |
| 3. | ശില്പശാല സംഘടിപ്പിക്കൽ | മാസത്തിലൊരിക്കൽ | SRG, ക്ലാസ് അധ്യാപിക | |
| 4. | സ്കൂൾ തന്നെ പാഠപുസ്തകമെന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ | 3 മാസം | | |
| 5. | പ്രകൃതി പഠനയാത്രകൾ / പ്രകൃതി നടത്തം. | ജൂലൈ - ഫെബ്രുവരി. | PTA അധ്യാപകർ | PTA |
| 6. | ഔഷധ സസ്യങ്ങളെയും ഔഷധ സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ | 3 മാസം | HM അധ്യാപകർ | PTA |

വിഷയം : ഗണിതം

ലക്ഷ്യങ്ങൾ

* അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* ഗണിതപഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ.
* ഗണിതത്തിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ.
* കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ.

| Sl No | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ 1 വാരം | ക്ലാസ് ടീച്ചർ | |
| 2. | ഗണിത ലാബ് സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക. | ജൂൺ | പി.ടി.എ അധ്യാപകർ | |
| 3. | ഉല്ലാസഗണിതക്കിറ്റുപയോഗിച്ച് പഠനപ്രവർത്തനങ്ങൾ ലളിതമാക്കൽ | ജൂൺ - ഡിസംബർ | ബി.ആർ.സി ക്ലാസ് ടീച്ചർ | |
| 4. | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം. | ജൂൺ | ക്ലാസ് ടീച്ചർ | SSA |
| 5. | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ SRG | PTA |
| 6. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | ജൂൺ - ഫെബ്രുവരി | SRG ക്ലാസ് ടീച്ചർ | |

വിഷയം : പ്രവൃത്തിപരിചയം.

## ലക്ഷ്യങ്ങൾ

* കൃഷി - മുഴുവൻ കുട്ടികളെയും പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കൽ

* പാഴ്‌വസ്തു പരിശീലനം -

* വിനോദം, കരകൗശലം, വിവിധ തരം അലങ്കാര വസ്തുക്കളുടെ നിർമ്മാണം.

* വസ്ത്രം - വസ്ത്രങ്ങളിൽ വിവിധ തരം അലങ്കാര പ്രവർത്തനങ്ങൾ നടത്തുന്നു.

* തൊഴിലുകളിൽ മനോഭാവം, അറിവുവ്യം, തൊഴിൽ ചെയ്യുന്നവരോടുള്ള ആദരവ്, തൊഴിൽ നൈപുണി നിർമ്മാണാത്മകഴിവ് എന്നിവ വികസിക്കുന്നതിന് ആവശ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

| S/No | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1. | വിവിധ തരം പുഷ്പകൃഷി രീതികൾ പരിചയപ്പെടുന്നു. | ജൂൺ - സെപ്റ്റംബർ | HM അധ്യാപകർ | PTA |
| 2. | പാഴ്‌വസ്തു പരിപാലനം - ബോധവൽക്കരണം, പ്ലാസ്റ്റിക് പുനരുപയോഗ നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം | ജൂൺ - മാർച്ച് | HM അധ്യാപകർ | PTA |
| 3. | അലങ്കാര വസ്തുക്കളുടെ നിർമ്മാണം, വിനോദം, കരകൗശ | ഒക്ടോബർ - ഡിസംബർ | HM അധ്യാപകർ | P.T.A. |
| 4. | Fabric painting, Vegetable Printing തുടങ്ങിയവയിൽ പരിശീലനം. | ജൂലൈ - നവംബർ | അധ്യാപകർ | P.T.A. |

വിഷയം : കലാവിദ്യാഭ്യാസം.

ലക്ഷ്യങ്ങൾ

* കുട്ടികളിലെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
* കലാഭിരുചി വളർത്തുക.
* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന്. കഴിവിന്റെ വികാസത്തിന്
* അവസരമൊരുക്കുക.
* ഇതിനാവശ്യമായ കൃത്യമായ പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുക.
* സംഗീതം, നൃത്തം, ശില്പകല, അഭിനയം, ചിത്രകല ഈ മേഖലകളിൽ എല്ലാ കുട്ടികളുടെയും താല്പര്യങ്ങൾ കണ്ടെത്താനും മികവ് പ്രദർശിപ്പിക്കുന്ന മേഖലയിലേക്ക് പഠിതാവിനെ നയിക്കാനും ലക്ഷ്യമിടുന്നു.
* നിറങ്ങളുടെയും വരകളുടെയും സാന്നിധ്യം കൊണ്ട് ഒരു ചിത്രം എങ്ങനെ സൃഷ്ടിക്കാം.

| Sl No | പ്രവർത്തനം | ചുമതല | കാലം |
|---|---|---|---|
| 1. | കുട്ടികളുടെ സർഗ വാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക | SRG അധ്യാപകർ | ജൂൺ- മാർച്ച് |
| 2. | സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിതാരചന, കവിതാലാപനം, ഉപകരണ സംഗീതം തുടങ്ങിയ വ്യത്യസ്തങ്ങളായ കഴിവുകളെ കണ്ടെത്തി അവരുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ. | അധ്യാപകർ | ജൂൺ - മാർച്ച് |
| 3. | ഓരോ മേഖലയ്ക്കും അനുസൃതമായ പ്രവർത്തനങ്ങൾ പഠനവിഷയവുമായി ബന്ധപ്പെട്ട് പാഠഭാഗങ്ങളിൽ നിന്ന് നൽകുന്ന. | അധ്യാപകർ | ജൂൺ - മാർച്ച്. |

വിഷയം : ആരോഗ്യകായിക വിദ്യാഭ്യാസം.

## ലക്ഷ്യങ്ങൾ

* ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസം ഫലപ്രദമാക്കൽ
* കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് വികസിപ്പിക്കൽ

| Sl No | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമഗ്രികൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1. | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികളുടെയും ഹൃദയാരോഗ്യം വർദ്ധിപ്പിക്കുന്നതിനും കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി aerobics പരിശീലനം. | ജൂൺ- ഫെബ്രുവരി. | സ്കൂൾ മേലധികാരികൾ. | വിശാലമായ [illegible], [illegible], സ്പോർട്സ് സെറ്റ്സ് etc. | സ്കൂളിൽ നടത്തിയ [illegible] കാലഘട്ടത്തിൽ കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനം |

# തനത് പ്രവർത്തനം

## പഴമയിലേക്കൊരു എത്തിനോട്ടം

ലക്ഷ്യങ്ങൾ

* മുൻകാല കൃഷിരീതികൾ പരിചയപ്പെടൽ
* കർഷകരുമായിട്ടുള്ള അഭിമുഖം.
* നാട്ടറിവുകൾ പരിചയപ്പെടൽ
* പഴയകാല ഉപകരണങ്ങൾ പരിചയപ്പെടൽ.
* വിവിധ തരം കൃഷിരീതികളെക്കുറിച്ചറിയൽ
* പഴയകാല ആഹാരവിഭവങ്ങൾ ആസ്വദിക്കൽ.
* കൃഷിയിടങ്ങൾ സന്ദർശിക്കൽ

| Sl No | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 1. | കൃഷിസ്ഥലം സന്ദർശനം (field trip). | September – November | P.T.A<br>HM.<br>അദ്ധ്യാപകർ |
| 2. | കർഷകരുമായിട്ടുള്ള അഭിമുഖം | September – November | |
| 3. | കൃഷിരീതി പരിചയപ്പെടൽ (പരീക്ഷണം). | September – November | |
| 4. | പഴയകാല ഉപകരണങ്ങൾ പരിചയപ്പെടൽ. (പേര്, ഉപയോഗം, തുടങ്ങിയ കാര്യങ്ങൾ ശേഖരിക്കാൻ). | October – November | P.T.A<br>HM. |
| 5. | നാട്ടറിവുകൾ ശേഖരിക്കൽ | August – February | HM<br>അദ്ധ്യാപകർ |

# ഉപസംഹാരം

ചുങ്കക്കുന്ന് ന്ന T.L.P സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ വിശകലനത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാകാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിനു സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്, അതിന് കഴിയുമെന്ന് ഉറച്ച വിശ്വാസം ഞങ്ങൾക്കുണ്ട്.